**കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്**
**തിരുവനന്തപുരം**

നമ്പർ.53/റിക്രൂ/കെ.ഡി.ആർ.ബി/2016 04.12.2019

**<u>അറിയിപ്പ്</u>**

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിവിധ ദേവസ്വങ്ങളിലേയ്ക്ക് നടത്തുന്ന നിയമനങ്ങളിൽ 18.11.2019 ലെ ജി.ഒ.(പി)79/2019/ആർ.ഡി ഉത്തരവ് പ്രകാരം ഹിന്ദു സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് 10% സംവരണം അനുവദിച്ചിട്ടുണ്ട്. 01.11.2019 ൽ പി/എൽ നമ്പർ 01/2019 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള **തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എൽ.ഡി.ക്ലർക്ക് / സബ് ഗ്രൂപ്പ് ഓഫീസർ ഗ്രേഡ് II സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഹിന്ദു സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഉദ്യോഗാർത്ഥികൾ (EWS) അടിയന്തിരമായി ഇക്കാര്യം തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം നിശ്ചിത പ്രൊഫോർമയിൽ ബന്ധപ്പെട്ട വില്ലേജ് ആഫീസറിൽ നിന്നും വാങ്ങി മറ്റ് സാക്ഷ്യ പത്രങ്ങൾക്കൊപ്പം അവരവരുടെ പ്രൊഫൈലിൽ 31.12.2019 ന മുമ്പ് അപ് ലോഡ് ചെയ്യേണ്ടതും** അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ,തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ് 2-ാം നില, ആയുർവേദ കോളേജിനു സമീപം, തിരുവനന്തപുരം-695001, എന്ന വിലാസത്തിൽ അയച്ച തരേണ്ടതുമാണ്.

മേൽപ്പറഞ്ഞ സാക്ഷ്യപത്രം നൽകുന്നതിനായി വില്ലേജ് ആഫീസർമാരെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

8.11.2019 ലെ ഗവൺമെന്റ് ഉത്തരവു പ്രകാരം ഹിന്ദു സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഉദ്യോഗാർത്ഥികളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെപ്പറയും പ്രകാരമാണ്.

(1) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരിലേയോ, പൊതുമേഖലാ സ്ഥാപനങ്ങളിലേയോ, സഹകരണ മേഖലയിലേയോ, സംസ്ഥാന സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളിലേയോ, കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ധനസഹായമോ, ഗ്രാന്റോ ലഭിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിലേയോ റഗുലർ ജീവനക്കാരൻ ഉണ്ടായിരിക്കരുത്.

എന്നാൽ ഈ വ്യവസ്ഥ മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ പാർട്ട് ടൈം ജീവനക്കാർക്കോ താത്ക്കാലിക ജീവനക്കാർക്കോ ബാധകമല്ല.

(2) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിൽ ആദായനികുതി നൽകുന്ന ഒരംഗവും ഉണ്ടായിരിക്കരുത്.

(3) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിന് ഒരേക്കറിൽ കൂടുതൽ ഭൂമി ഉണ്ടായിരിക്കരുത്.

(4) ഉദ്യോഗാർത്ഥിയുടെ കുടുംബത്തിന്റെ മാസവരുമാനം എല്ലാവിധ സ്രോതസ്സിൽ നിന്നുമായി 25,000/- രൂപയിൽ കവിയരുത്.

ഉദ്യോഗാർത്ഥിയുടെ കുടുംബം എന്നാൽ സംവരണം ആവശ്യപ്പെടുന്ന ആൾ, അയാളുടെ മാതാപിതാക്കൾ, അയാളുടെ ഭാര്യ/ഭർത്താവ്, 18 വയസ്സ പൂർത്തിയാക്കാത്ത മക്കൾ/സഹോദരങ്ങൾ എന്നിവർ ഉൾപ്പെട്ടതാണ്.

പ്രൊഫോർമയുടെ മാതൃക കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

**സെക്രട്ടറി**
**കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്**